# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 129**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

കുട്ടികൾക്ക് ഉത്തമമായ മാർഗ്ഗനിർദ്ദേശം നൽകി അവർക്ക് വിദ്യാഭ്യാസപരമായ പരിപോഷണം നൽകുക എന്നത് വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യമാണല്ലോ. ചെറുപ്രായത്തിൽത്തന്നെ ധാർമ്മികതയിലൂന്നിയ വിദ്യാഭ്യാസം അവർക്ക് നൽകേണ്ടത് നമ്മുടെ സുപ്രധാനമായ ഉത്തരവാദിത്തമാണ്. ക്രിസ്തീയ മൂല്യങ്ങളിൽ അധിഷ്ഠിതമായിട്ടായിരിക്കണം നമ്മുടെ കുട്ടികൾ അറിവിന്റെ അഭ്യസനം ആരംഭിക്കേണ്ടത്.

എല്ലാ വർഷവും ജൂൺ മാസം ആദ്യ ഞായറാഴ്ച വിദ്യാലയവർഷാരംഭ സ്തോത്ര ശുശ്രൂഷ നമ്മുടെ ഇടവകകളിൽ ക്രമീകരിച്ചുവരികയാണല്ലോ. ഈ വർഷം ജൂൺ മാസം 2-ാം തീയതിയാണ് വിദ്യാലയ വർഷാരംഭ സ്തോത്രശുശ്രൂഷയ്ക്കായി സഭ വേർതിരിച്ചിരിക്കുന്നത്. വിവേകത്തിലേക്ക് നയിക്കേണ്ട വിദ്യാഭ്യാസം എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. ജ്ഞാനം ആർജ്ജിക്കുന്നതിലൂടെ വിവേകവും ബുദ്ധിയുമുള്ള ജീവിതം നയിക്കുവാൻ സാധിക്കണം. ദൈവവചനം കേട്ട് ബുദ്ധിയുള്ള ജീവിതം പ്രമാണിക്കുന്നതിലൂടെ പ്രതിസന്ധികളെ അതിജീവിക്കുന്നതിന് ഇടയാകണം. ഇടവകയിലെ കുഞ്ഞുങ്ങൾക്ക് വിദ്യാരംഭം കുറിക്കുന്നതിനുള്ള ക്രമീകരണം ഓരോ ഇടവകയിലും വികാരിയുടെ നേതൃത്വത്തിൽ നിർവ്വഹിക്കപ്പെടേണ്ടതാണ്. സ്തോത്ര ശുശ്രൂഷ ഓരോ രാജ്യത്തെയും സംസ്ഥാനത്തെയും വിദ്യാലയ വർഷം ആരംഭിക്കുന്നതനുസരിച്ച് ക്രമീകരിക്കാവുന്നതാണ്.

12-ാം ക്ലാസ് പൂർത്തിയാകുന്നതോടുകൂടി ഉപരി പഠനത്തിനായി വിദേശ രാജ്യങ്ങളിലേക്ക് കുട്ടികൾ പോകുന്നത് വർദ്ധിച്ചുവരുന്നു. അവർ പഠനത്തിനായി പോകുന്ന സ്ഥലങ്ങളിൽ അവർക്ക് കൂട്ടായ്മ നൽകുന്നതിനും ക്രിസ്തീയ പരിപോഷണം നൽകുന്നതിനും ആ പ്രദേശങ്ങളിലുള്ള ഇടവകകൾ ശ്രദ്ധിക്കുന്നത് അഭികാമ്യമാണ്. മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നമ്മുടെ കുട്ടികൾക്ക് ലഭിക്കത്തക്കവിധം നമ്മുടെ സ്കൂളുകളും ഭവനങ്ങളും ഇടവകകളും പ്രത്യേകം ശ്രദ്ധിക്കണം. ഭാവിയെപ്പറ്റിയുള്ള ആശങ്ക അകറ്റി ദൈവീക കരുതലും സംരക്ഷണവും ഉറപ്പാക്കുവാൻ നമുക്ക് കഴിയണം.

''യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു'' എന്ന തിരുവചന സത്യത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന് ആരംഭം കുറിക്കുന്നതിനും അവരുടെ ഭാവി ജീവിതത്തിനു എല്ലാ അനുഗ്രഹങ്ങളും ഉണ്ടാകുന്നതിനും ഏവരും പ്രാർത്ഥിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

ശ്രേഷ്ഠവും മൂല്യാധിഷ്ഠിതവുമായ മാർഗ്ഗങ്ങളിലൂടെ അവരെ നയിക്കുന്നതിനും സാമൂഹികനന്മയ്ക്കായി പ്രവർത്തിക്കുന്നവരും സഭാസ്നേഹമുള്ളവരും ആയി അവരെ വളർത്തുന്നതിനും ഈ ക്രമീകരണം സഹായകമാകുന്നതിനു കർത്താവ് സഹായിക്കട്ടെ.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

തിരുവല്ലാ പൂലാത്തീനിൽ നിന്നും 2024 മേയ് 8-ാം തീയതി,

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 129**

*Blessings to all the vicars, resident clergy, trustees*
*and members of all the parishes under our authority.*

Dearly beloved in Christ,

The foundational goal of education is to provide educational nourishment to children by giving them good guidance. It is our vital responsibility that we instil in them a morally-focused education from an early age. Our children should begin their journey of knowledge based on Christian values.

Every year, thanksgiving services are organized in our parishes in connection with the commencement of our children's education on the first Sunday of June. This year, the Church has set apart 2nd June for this thanksgiving service. This year's theme is "Education that leads to wisdom." Through acquiring wisdom, one should be able to lead a life of discernment and knowledge. By listening to the Word of God and leading a life of knowledge, we should be able to overcome difficulties. The initiation of education for our children in each parish should be arranged under the leadership of the Vicars concerned. This thanksgiving service may be fixed according to the beginning of the academic year in each country and state.

The trend of children going abroad for higher studies after completing their 12th standard is on the rise. It is ideal that the parishes in the places where they go to study give them fellowship and Christian nurturing. Our schools, homes, and parishes must take special care to ensure that our children receive a value-based education. We should be able to trust in Divine protection and care without worrying about the future.

We exhort you to begin our children's education based on the Biblical truth, "The fear of the Lord is the beginning of wisdom", and to pray that their future life is blessed in every way.

May the Lord help this arrangement to guide them through noble and value-based ways, and to nurture them to work for the well-being of society and to be loyal to the Church.

May God's grace be with you all.

Dated 8th May 2024 from Poolatheen, Thiruvalla

**Dr. Theodosius Mar Thoma Metropolitan.**